**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 146** **13-02-2025 - ൽ മറുപടിയ്ക്ക്**

**മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | രക്ഷിതാക്കളുടെ മരണശേഷം അനാഥരാകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ എണ്ണം വർധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | രക്ഷിതാക്കളുടെ മരണശേഷം അനാഥരാകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനുവേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനുവേണ്ടി ഈ സർക്കാർ വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങൾ മുഖേന ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.<br><br><u>1. പ്രത്യാശാ ഭവൻ :</u><br><br>18 വയസ്സിന് മുകളിൽ പ്രായമുള്ള ബൗദ്ധിക- മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന പ്രത്യാശാ ഭവനിൽ നിലവിൽ 41 പേരെ സംരക്ഷിച്ചു വരുന്നുണ്ട്.<br><br><u>2. പ്രിയാ ഹോം (സ്ത്രീകൾ)-</u><br><br>ബൗദ്ധിക- മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ കൊല്ലം ജില്ലയിൽ കായില എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന "പ്രിയാ ഹോം (സ്ത്രീകൾ)" എന്ന 10 പേരെ താമസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളുള്ള സ്ഥാപനത്തിൽ നിലവിൽ 7 പേരെ സംരക്ഷിക്കുന്നുണ്ട്.<br><br><u>3. പുണ്യ ഭവൻ, കോഴിക്കോട്</u><br><br>മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ പുണ്യഭവൻ എന്ന സ്ഥാപനം |

| | | | |
|---|---|---|---|
| | | | സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 50പേരെ പ്രവേശിപ്പിക്കുന്നതിന് അനുമതിയും സൗകര്യങ്ങളുമുള്ള സ്ഥാപനത്തിൽ നിലവിൽ 16 കുട്ടികളെ താമസിപ്പിച്ച് സംരക്ഷിച്ചു വരുന്നു.<br><br><u>4. പ്രതീക്ഷ ഭവൻ, മലപ്പുറം</u><br><br>മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാരെ സംരക്ഷിക്കുന്നതിനായി മലപ്പുറം ജില്ലയിൽ പ്രതീക്ഷ ഭവൻ എന്ന സ്ഥാപനം സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനത്തിൽ നിലവിൽ 100 പേരെ സംരക്ഷിച്ചു വരുന്നുണ്ട്.<br><br><u>5. എൻ.ജി.ഒ സഹകരണത്തോടെ പ്രവർത്തിക്കുന്ന പ്രതീക്ഷ ഭവൻ പദ്ധതി</u><br><br>മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാരെ സംരക്ഷിക്കുന്നതിന് എൻ.ജി.ഒ പങ്കാളിത്തത്തോട് കൂടി പ്രതീക്ഷഭവനുകൾ ആരംഭിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ സ്ഥാപന പുനരധിവാസത്തിന് പുറമെ അവർക്ക് വേണ്ടി നിരവധി പദ്ധതികൾ കൂടി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>ആയതടക്കം ഈ മേഖലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മറ്റുള്ളവരുടെ ആശ്രയമില്ലാതെ ജീവിതം അസാധ്യമായ മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി ആശ്രയകേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്.<br><br>സാമൂഹ്യനീതി വകുപ്പ് മുഖേന ബൗദ്ധിക- മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായുള്ള പ്രിയ ഹോം (സ്ത്രീകൾ) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ കായില എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന സ്ത്രീകളുടെ സംരക്ഷണത്തിനായി ഒരു പുനരധിവാസഗ്രാമം അവിടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.<br><br>കൂടാതെ ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനു വേണ്ടി സമഗ്ര പുനരധിവാസ ഗ്രാമം ആരംഭിക്കുമെന്ന് സർക്കാർ നയം പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ ജില്ലകളിലായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ |

| | | | |
|---|---|---|---|
| | | | അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ അഴൂർ വില്ലേജ്, മലപ്പുറം ജില്ലയിലെ കുറമ്പത്തൂർ വില്ലേജ് എന്നിവിടങ്ങളിൽ നിന്നും പദ്ധതിക്കായി സ്ഥലം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവിടങ്ങളിൽ പദ്ധതി നിർമ്മാണത്തിനായി ഡി.പി.ആർ തയ്യാറാക്കി വരുന്നു. കൊല്ലം ജില്ലയിലെ പുനലൂരിൽ പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു |
| (ഡി) | മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ബഡ്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഏർലി ഇന്റർവെൻഷൻ-ന്റെ ഭാഗമായി തെറാപ്പി സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി 2024-2025 സാമ്പത്തിക വർഷം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏകോപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

-

## <u>മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനു വേണ്ടി ഈ സർക്കാർ വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ</u>

(I) **<u>സാമൂഹ്യനീതി വകുപ്പ്</u>**

മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനു വേണ്ടി ചുവടെ പറയുന്ന സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തുന്നുണ്ട്.

1. <u>പ്രത്യാശാ ഭവൻ :</u>

18 വയസ്സിന് മുകളിൽ പ്രായമുള്ള ബൌദ്ധിക-മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിലവിൽ 41 പേരെ സംരക്ഷിച്ചു വരുന്നുണ്ട്.

2. <u>പ്രിയാ ഹോം (സ്ത്രീകൾ)</u>

ബൌദ്ധിക- മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ കൊല്ലം ജില്ലയിലെ കായില എന്ന സ്ഥലത്ത് "പ്രിയാ ഹോം (സ്ത്രീകൾ)" എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. 10 പേരെ താമസിപ്പിക്കുന്നതിനുള്ള സാകര്യങ്ങളുള്ള സ്ഥാപനത്തിൽ നിലവിൽ 7 പേരെ സംരക്ഷിക്കുന്നുണ്ട്.

പ്രിയ ഹോമിന്റെ പ്രവർത്തനങ്ങൾക്കായും പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനുമുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

3. <u>പുണ്യ ഭവൻ, കോഴിക്കോട്</u>

മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ പുണ്യ ഭവൻ എന്ന സ്ഥാപനം സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 50 പേരെ പ്രവേശിപ്പിക്കുന്നതിന് അനുമതിയും സാകര്യങ്ങളുമുള്ള സ്ഥാപനത്തിൽ നിലവിൽ 16 കുട്ടികളെ താമസിപ്പിച്ച് സംരക്ഷിച്ചു വരുന്നു.

4. <u>പ്രതീക്ഷ ഭവൻ, മലപ്പുറം</u>

മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാരെ സംരക്ഷിക്കുന്നതിനായി മലപ്പുറം ജില്ലയിൽ പ്രതീക്ഷ ഭവൻ എന്ന സ്ഥാപനം സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനത്തിൽ നിലവിൽ 100 പേരെ സംരക്ഷിച്ചു വരുന്നുണ്ട്.

5. <u>എൻ.ജി.ഒ സഹകരണത്തോടെ പ്രവർത്തിക്കുന്ന പ്രതീക്ഷ ഭവൻ പദ്ധതി</u>:

മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാരെ സംരക്ഷിക്കുന്നതിന് NGO പങ്കാളിത്തത്തോട് കൂടി പ്രതീക്ഷഭവനുകൾ ആരംഭിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പ്രതീക്ഷ ഭവനിലെ അംഗീകൃത താമസക്കാരെക്കാൾ കൂടുതലുള്ള താമസക്കാരെയും കോഴിക്കോട് പുണ്യഭവനിലെ 18 വയസ്സ് കഴിഞ്ഞ വ്യക്തികളെയും NGO നടത്തുന്ന സ്ഥാപനത്തിലേക്ക് മാറ്റി താമസിപ്പിക്കുന്നതിനാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒരേ സമയം 50 പേരെ പുനരധിവാസിപ്പിക്കുന്നതിനാണ് നടപടി സ്വീകരിച്ച് വരുന്നത്. ടി പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഹെൽത്ത് കെയർ ഫൗണ്ടേഷന്റെ സഹകരണത്തോടെ പ്രതീക്ഷ ഭവൻ പ്രവർത്തിച്ചു വരുന്നതിൽ നിലവിൽ 35 പേരെ താമസിപ്പിച്ചിട്ടുണ്ട്

6. <u>സഹജീവനം സ്നേഹഗ്രാമം</u> -

എൻഡോസൾഫാൻ ദുരിതബാധിതരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമിട്ട് കാസർഗോഡ് ജില്ലയിലെ മുളിയാർ ഗ്രാമപഞ്ചായത്തിൽ സഹജീവനം സ്നേഹഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ട്. സഹജീവനം സ്നേഹഗ്രാമത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനം 2024 ജൂലൈ മാസം 1 ന് ആരംഭിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരെ കൂടാതെ മുഴുവൻ ഭിന്നശേഷിക്കാർക്കും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്ന രീതിയിലാണ് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. സ്ഥാപനത്തിലെത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ആവശ്യമായ സേവനങ്ങൾ ഉറപ്പു വരുത്തുന്നതിനായി ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഡവലപ്മെന്റൽ തെറാപ്പിസ്റ്റ്, സൈക്കോ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, സോഷ്യൽ വർക്കർ, ആയ, ഹെൽപ്പർ, സെക്യൂരിറ്റി ഗാർഡ് എന്നി തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**<u>മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ സ്ഥാപന പുനരധിവാസത്തിന് പുറമെ അവർക്ക് വേണ്ടി താഴെ പറയുന്ന പദ്ധതികൾ കൂടി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു:</u>**

<u>നിയമ പരമായ രക്ഷകർതൃത്വം</u>

നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്ന (ബുദ്ധിവൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹു വൈകല്യം) വൈകല്യങ്ങൾ ബാധിച്ച വ്യക്തികൾക്ക് 18 വയസ്സ് കഴിഞ്ഞാലും നിയമപരമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ ഇവരുടെ സ്വത്ത് സംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഇവരെ പ്രതിനിധീകരിക്കുന്നതിന് നിയമപരമായ രക്ഷാകർതൃത്വം അനുവദിച്ച് നൽകുന്നുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ നാഷണൽ ട്രസ്റ്റിന്റെ ലോക്കൽ ലെവൽ കമ്മറ്റിയാണ് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. 2025 ജനുവരി വരെയായി 23,692 ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റുകൾ അനുവദിച്ചിട്ടുണ്ട്.

8. <u>വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ</u>-

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ മുഖേന മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പിന്റെ സ്വാശ്രയ, സ്നേഹയാനം പദ്ധതികൾ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെയും അവരുടെ കുടുംബത്തിന്റെയും ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതികളാണ്.

9. <u>CDMRP (Community Disability Management and Rehabilitation Programme)</u>

സമൂഹത്തിൽ പ്രത്യേക പരിഗണനയും, പരിചരണവും ആവശ്യമുള്ള ബുദ്ധിവികാസ വൈകല്യമുള്ളവർക്ക് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസെബിലിറ്റി ക്ലീനിക്കുകൾ സ്ഥാപിച്ച് വൈകല്യങ്ങളുടെ പ്രതിരോധം, ചികിത്സാ പുനരധിവാസ പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കാലിക്കറ്റ് യൂണിവേഴ് സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ, 2015-16 സാമ്പത്തിക വർഷം മുതൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് CDMRP (Community Disability Management and Rehabilitation Programme).

2024 -25 സാമ്പത്തിക വർഷത്തിൽ 2025 ജനുവരി വരെ 980 ഗുണഭോക്താക്കൾക്ക് ടി പദ്ധതി വഴി സേവനം നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

9. <u>ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ</u>

2016-ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 50, ഭിന്നശേഷി അവകാശ ചട്ടം (കേരള) 2020, റൂൾ 12 (1) എന്നിവ പ്രകാരം സംസ്ഥാനത്ത് ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്നും രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്.

10. <u>"Addressing Neurodivergent Disorders with Special reference to Neuro Developmental Disorders" എന്ന വിഷയത്തിൽ Workshop</u>

ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡേഴ്സ് (NDDs) മനസ്സിലാക്കുന്നതിലും രോഗനിർണയം നടത്തുന്നതിലും കൈകാര്യം ചെയ്യുന്നതിലും ശ്രദ്ധേയമായ മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, ഈ അവസ്ഥകളുള്ള വ്യക്തികളുടെ പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായി രൂപകൽപ്പന ചെയ്ത പദ്ധതികളുടെ സമഗ്രമായ വികസനത്തിലും നടപ്പാക്കലിലും കാര്യമായ വിടവുകൾ അവശേഷിക്കുന്നു. ഇത്തരം വിടവുകൾ നികത്തികൊണ്ട് ഇവർക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിന് മുന്നോടിയായി വിവിധ വകുപ്പുകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി 09.01.2025-ന് ബഹു. ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ശിൽപശാല സംഘടിപ്പിച്ചു. പ്രസ്തുത ശില്പശാലയിൽ ഉയർന്നുവന്ന നിർദേശങ്ങൾ പരിഗണിച്ച പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു .

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുൾപ്പെടെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം കുട്ടികൾക്ക് വ്യക്തമായ പാഠ്യപദ്ധതിയിലൂടെയുള്ള നൈപുണ്യവികസനവും തൊഴിൽ പരിശീലനവും നൽകുന്നതിന് ലക്ഷ്യം വയ്ക്കുന്ന പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## (II) <u>സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്/കേരള സാമൂഹ്യ സുരക്ഷാ മിഷൻ</u>

ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനം മുതൽ പുനരധിവാസം വരെ നീണ്ട് നിൽക്കുന്ന, ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ/ റിഹാബിലിറ്റേഷൻ/പാരാമെഡിക്കൽ/സപ്പോർട്ട് സർവീസ്/വിവിധ പേരന്റ് ഗ്രൂപ്പുകൾ എന്നിവർക്കായി തുടർച്ചയായ പരിശീലന, ബോധവർക്കരണ പരിപാടികൾ ആണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് വഴി നടപ്പിലാക്കുന്നത്.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേകിച്ച് മാനസിക വൈകല്യങ്ങൾ ഉള്ള കുട്ടികൾക്ക് അവരുടെ ശാരീരികവും മാനസികവുമായ വികസനം സാധ്യമാക്കുന്നതിനും തെറാപ്പിസ്റ്റുകൾ നിർദ്ദേശിക്കുന്ന ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും വീടുകളിൽ വച്ച് പരിശീലിപ്പിക്കുന്നതിനും ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം (PEP) മലപ്പുറം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുകയുണ്ടായി. മാതാപിതാക്കൾക്ക് സഹായകമാകുന്ന അനുയാത്ര "സഹയോഗി" എന്ന കൈപുസ്തകവും ഇതിന്റെ ഭാഗമായി തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്

State Program for Education and Empowerment for Disabilities (SPEED- സ്പീഡ്) എന്ന പദ്ധതി 2024 സെപ്റ്റംബർ 3-ന് ആരംഭിക്കുകയും ആദ്യ ഇടപെടൽ ആയി ഓട്ടിസം മേഖലയിലെ നേരത്തെയുള്ള കണ്ടെത്തലിനും, ഇടപെടലിനും അവശ്യമായ "Comprehensive Resource Book on Autism Management" എന്ന ബുക്ക് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനു വേണ്ടി ഈ മേഖലയിലെ സ്ക്രീനിംഗ്, ഏർളി ഇന്റെർവെൻഷൻ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിലെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന ഓട്ടിസം സെന്ററുകൾ, റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്ററുകൾ, റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റെർ എന്നിവ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.

ഓട്ടിസം സ്ക്രീനിംഗ്, ഓട്ടിസമുള്ള കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനങ്ങൾ തുടങ്ങിയവ നൽകുന്നതിനായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് എന്ന സ്ഥാപനത്തിലും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വിവിധ തെറാപ്പിസ്റ്റുകളുടെ സേവനം ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. കൂടാതെ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ എന്ന സ്ഥാപനത്തിൽ ഒരു റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ആധുനിക സൗകര്യങ്ങൾ വിനിയോഗിച്ച് ഓട്ടിസം കുട്ടികൾക്കുള്ള വിവിധ പരിപാലന പ്രവർത്തനങ്ങൾ ഈ സെന്റെറിലൂടെ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി ഓട്ടിസം കുട്ടികൾക്കുള്ള സ്കൂളും പ്രവർത്തിച്ച്

വരുന്നു.

ബുദ്ധിപരമായ വൈകല്യങ്ങൾ ഉൾപ്പെടെയുള്ള വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ചികിത്സകൾ, തെറാപ്പികൾ, പരിശോധനകൾ, പരിശീലനങ്ങൾ തുടങ്ങിയവ നൽകുന്നതിനുമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലൂടെ ബുദ്ധിപരമായ വൈകല്യങ്ങൾ ഉൾപ്പെടെയുള്ള വൈകല്യങ്ങൾ ഉള്ള കുട്ടികൾക്കായുള്ള വിവിധ സേവനങ്ങൾ സൗജന്യമായി നൽകി വരുന്നു. സെറിബ്രൽ പാൾസി ബാധിതരായവർക്ക് വേണ്ടി ഒരു സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനിൽ പ്രവർത്തിച്ചു വരുന്നു.

## (III) <u>പൊതുവിദ്യാഭ്യാസ വകുപ്പ്</u>

സഹായപദ്ധതികൾ, പരീക്ഷാനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്നു. ഈ സർക്കാർ വന്നശേഷം ആരംഭിച്ച പദ്ധതികളിൽ ഒന്നാണ് മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി. സംസ്ഥാനത്തിലെ ആകെ സ്കൂളുകളിൽ നിന്ന് 84 സ്കൂളുകളെ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്കൂളുകളിൽ ഇത്തരം കുട്ടികൾക്ക് വേണ്ട സൗഹൃദാന്തരീക്ഷം ഉണ്ടാക്കുന്നതിന് പുറമേ വിവിധ പരിശീലനങ്ങൾ, തെറാപ്പി സൗകര്യം വർദ്ധിപ്പിക്കുക എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠനപിന്തുണയ്ക്കായി വിവിധ പരിപാടികൾ സമഗ്ര ശിക്ഷ കേരളം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം

2. വെർച്ചൽ ക്ലാസ്സ് മുറികൾ

3. ചങ്ങാതിക്കൂട്ടം

4. സോഷ്യൽ കെയർ സെന്ററുകൾ

5. പർച്ചെയ്സ്/ഡെവലപ്പ്മെന്റ് ഓഫ് ഇൻസ്ട്രക്ഷണൽ മെറ്റീരിയൽസ്

6. അലവൻസുകൾ (എസ്കോർട്ട് അലവൻസ്, പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്,

   ട്രാൻസ്പോർട്ട് അലവൻസ്)

7. മെഡിക്കൽ ക്യാമ്പ്

8. സഹായ ഉപകരണങ്ങളുടെ വിതരണം

9. സ്പോർട്സ് & എക്സ്പോഷർ വിസിറ്റ്

10. തെറാപ്പി സേവനങ്ങൾ

11. പഠന സാമഗ്രികൾ വികസിപ്പിക്കൽ

12. ഓഗ്മെന്റേഷൻ ഓഫ് ഓട്ടിസം സെന്റേഴ്സ്

13. എൻവയോൺമെന്റ് ബിൽഡിംഗ് പ്രോഗ്രാം

14. ഹെൽപ്പർ / ആയ / അറ്റൻഡന്റ്

15. സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം

16. ഇൻസെർവീസ് ട്രെയിനിംഗ് ഫോർ സെഷ്യൽ എഡ്യൂക്കേറ്റേഴ്സ്

17. റിസോഴ്സ് റൂമുകൾക്കാവശ്യമായ ഉപകരണങ്ങൾ

എസ്.സി.ഇ.ആർ.ടി. മുഖേനയും ഇത്തരം കുട്ടികളുടെ പഠനപിന്തുണയ്ക്കായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. വിവിധ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ പഠന പ്രവർത്തനങ്ങൾ അനുരൂപീകരിച്ച് നടപ്പിലാക്കേണ്ടത് എങ്ങനെയെന്നതിനെ കുറിച്ച് വേനലവധിക്കാലത്ത് അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ, ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ നേരിടുന്ന അക്കാദമികപരമായ വെല്ലുവിളികൾ, പരിഹാര മാർഗ്ഗങ്ങൾ എന്നീ വിഷയ മേഖലകളും ശാക്തീകരണ പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തിയിരുന്നു.

RPWD Act-2016 പ്രകാരം അംഗീകരിക്കപ്പെട്ട 21 ഭിന്നശേഷി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളെ സ്കൂൾ തലത്തിൽ "പ്രശസ്ത" എന്ന സ്ക്രീനിംങ്ങ് ടൂൾ ഉപയോഗിച്ചു സ്ക്രീൻ ചെയ്ത് കണ്ടെത്തുകയും അവർക്ക് വിവിധ തെറാപ്പികൾക്ക് സൗകര്യം ഒരുക്കുകയും ചെയ്യുന്നു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിൽ പഠിക്കുന്ന കെയർ, പ്രീ-പ്രൈമറി, പ്രൈമറി, സെക്കന്ററി പാക്കേജിന്റെ ആദ്യഭാഗം പ്രസിദ്ധീകരിച്ചു. രണ്ടാം ത്രൈമാസ പ്രവർത്തന പാക്കേജിനെ അടിസ്ഥാനമാക്കിയുള്ള അദ്ധ്യാപക പരിശീലനങ്ങൾ നടന്നു വരുന്നു. സമഗ്രശിക്ഷ കേരളയ്ക്ക് കീഴിൽ പ്രവർത്തിച്ചു വരുന്ന സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ ശാക്തീകരണത്തിനായി പരിപാടികൾ സംഘടിപ്പിച്ചു. സംസ്ഥാനത്ത് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സ്വകാര്യ മേഖലയിൽ ഏകദേശം 284 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്കൂളുകളുടെ ഭൗതികവും അക്കാദമികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ

2019-2020 അക്കാദമിക വർഷത്തിൽ ഒരു സമഗ്ര പാക്കേജിന് രൂപം നൽകുകയും ചെയ്തു. പ്രസ്തുത പാക്കേജ് പ്രകാരം NGO, BUDS സ്കൂളുകൾക്കായി സർക്കാർ ഈ സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തുകയും ടി തുകയ്ക്കുള്ള ഭരണാനുമതി ഉത്തരവ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ എണ്ണം, സ്കൂളുകളുടെ സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ പറഞ്ഞ തുക അധ്യാപക-അനധ്യാപക ജീവനക്കാർക്കുള്ള ഹോണറേറിയം, കുട്ടികൾക്കുള്ള മെഡിക്കൽ അലവൻസ്, യൂണിഫോം, കുട്ടികൾക്കായുള്ള കളിക്കോപ്പുകൾ, വിവിധ തെറാപ്പി ഉപകരണങ്ങൾ എന്നിവയ്ക്കായും കൂടാതെ കുട്ടികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിവർക്കുള്ള ബോധവൽക്കരണ പരിപാടികൾക്കായും ആണ് നൽകുന്നത്.

## (IV) <u>ആരോഗ്യ കുടുംബക്ഷേമ വകുപ്പ് / കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി</u>

സംസ്ഥാനത്തെ മാനസിക രോഗമുള്ള വ്യക്തികളുടെ അവകാശസംരക്ഷണം ഉറപ്പ് വരുത്തുന്നതിലേക്കായി 2017-ലെ മാനസികാരോഗ്യ പരിപാലന നിയമത്തിലെ സെക്ഷൻ 73, 74 പ്രകാരം സംസ്ഥാനത്തെ വിവിധ മേഖലകളായി തിരിച്ച് 5 മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ (തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത റിവ്യൂ ബോർഡുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയർപേർസണേയും, അംഗങ്ങളേയും, ജീവനക്കാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്.

12-02-2025 ഡോ ആർ ബിന്ദു

MINISTER